സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004



സ്വതന്ത്രമണ്ഡപം

പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക

Visit

Swathanthra Mandapam Online

www.swathanthramandapam.com



www.swathanthramandapam.com വാള്യം: 59 ലക്കം: 205 2024 ഡിസംബർ 04 ബുധൻ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in


## തീഗോളമായി പൊട്ടിത്തെറിച്ചു; റഷ്യൻ മണ്ണിൽ ഛിന്നഗ്രഹം പതിച്ചു

മോസ്കോ: തീഗോളമായി പൊട്ടിത്തെറിച്ച ഛിന്നഗ്രഹം റഷ്യൻ മണ്ണിൽ പതിച്ചു. ഇന്ത്യൻ സമയം ചൊവ്വാഴ്ച രാത്രി 09:45-ഓടെയാണ് സംഭവം. റഷ്യയിലെ സഖാ റിപ്പബ്ലിക്കിൽ (യുകുതിയ) ആണ് ഛിന്നഗ്രഹം പതിച്ചത്. പതനത്തിന് 12 മണിക്കൂർ മുമ്പ് മാത്രമാണ് ശാസ്ത്രജ്ഞർ ഛിന്നഗ്രഹത്തെ കണ്ടെത്തിയത്. പ്രവചിക്കപ്പെട്ട കൃത്യസമയത്ത് ഛിന്നഗ്രഹം റഷ്യയുടെ അന്തരീക്ഷത്തിൽ തീഗോളമായി പൊട്ടിത്തെറിച്ച് ഭൂമിയിൽ പതിച്ചു. ഏകദേശം 70 സെന്റി മീറ്റർ മാത്രം വ്യാസമുള്ള ഛിന്നഗ്രഹമാണ് റഷ്യയിൽ പതിച്ചത്. വലിപ്പം കുറവായതിനാലും ജനവാസം കുറഞ്ഞ മേഖലയിൽ പതിച്ചതിനാലും അപകടമൊഴിവായി.

### കോർകമ്മിറ്റി തീരുമാനിച്ചു, എം. എൽ. എമാർ ഏകകണ്ഠമായി അംഗീകരിച്ചു;

## മഹാരാഷ്ട്ര മുഖ്യമന്ത്രി ഫഡ്നവിസ് തന്നെ

മുംബൈ: മഹാരാഷ്ട്രയുടെ അടുത്ത മുഖ്യമന്ത്രിയായി ദേവേന്ദ്ര ഫഡ്നവിസിനെ തിരഞ്ഞെടുത്ത് ബി.ജെ.പി. നിയമസഭാ കക്ഷിയോഗം. മഹാരാഷ്ട്ര വിധാൻ സഭയിൽനടന്ന യോഗത്തിൽ ഏകകണ്ഠമായാണ് ഫഡ്നവിസിനെ സഭാകക്ഷിനേതാവായി തിരഞ്ഞെടുത്തത്. നേരത്തെ, ഫഡ്നവിസിനെ മുഖ്യമന്ത്രിയാക്കാൻ ബി.ജെ.പി. കോർ കമ്മിറ്റി യോഗം തീരുമാനിച്ചിരുന്നു.

ചന്ദ്രകാന്ത് പാട്ടീലും സുധീർ മുൻഗന്തിവറുമാണ് മുഖ്യമന്ത്രിയായി ഫഡ്നവിസിന്റെ പേര് നിർദേശിച്ചത്. ഫഡ്നവിസിന്റെ നേതൃത്വത്തിൽ തിരഞ്ഞെടുപ്പിനെ നേരിട്ട് ചരിത്രപരമായ ജനവിധി പാർട്ടി നേടിയെന്ന് ബി.ജെ.പി. സംസ്ഥാന അധ്യക്ഷൻ ചന്ദ്രശേഖർ ബവൻകുലെ യോഗത്തിൽ പറഞ്ഞു. ബി.ജെ.പി. (132), ശിവസേന (57), എൻ.സി.പി. (41) എം.എൽ.എമാർക്ക് പുറമേ ഏഴ് സ്വതന്ത്രരുടെ പിന്തുണയും സർക്കാരിനുണ്ടാവുമെന്നും ബവൻകുലെ അറിയിച്ചു.

ബി.ജെ.പി. മുംബൈ മേഖല അധ്യക്ഷൻ ആശിഷ് ഷേലാർ ചീഫ് വിപ്പാവും. ബി.ജെ.പി. ദേശീയ നിരീക്ഷകരായ കേന്ദ്രമന്ത്രി നിർമലാ സീതാരാമൻ, മുൻ ഗുജറാത്ത് മുഖ്യമന്ത്രി വിജയ് രൂപാണി എന്നിവരും യോഗത്തിൽ പങ്കെടുത്തു. വ്യാഴാഴ്ച മുംബൈ ആസാദ് മൈതാനിയിലാണ് സത്യപ്രതിജ്ഞ. പ്രധാനമന്ത്രി നരേന്ദ്രമോദി ചടങ്ങിൽ പങ്കെടുക്കും.



## കാറിന് തീപിടിച്ചു; കാൽനടയാത്രക്കാരുടെ ഇടപെടലിൽ ഒഴിവായത് വലിയ അപകടം

വടകര: വടകരയിൽ ഓടിക്കൊണ്ടിരുന്ന കാറിന് തീപിടിച്ചു. വടകര അഗ്നി രക്ഷാസേന എത്തി തീ അണച്ചു. കാറിൽ ഉണ്ടായിരുന്ന വടകര സ്വദേശി കൃഷ്ണമണി പരിക്കേൽക്കാതെ രക്ഷപ്പെട്ടു. തീപിടിത്തത്തിൽ കാർ പൂർണമായും കത്തി നശിച്ചു.

രാവിലെ ഇന്ധനം നിറച്ച ശേഷം വീട്ടിലേക്ക് പോകുമ്പോഴാണ് അപകടമുണ്ടായത്. കാറിൽ നിന്ന് പുക ഉയരുന്നത് കണ്ട് കാൽ നടയാത്രക്കാരാണ് വാഹനം നിർത്തിച്ചത്. ഡ്രൈവർ കാറിൽ നിന്ന് ഇറങ്ങിയതിന് പിന്നാലെ കാറിൽ നിന്ന് തീ ആളി പടരുകയായിരുന്നു.

## വിവാഹവാർഷിക ദിനത്തിൽ ദമ്പതിമാരും മകളും വീട്ടിൽ കുത്തേറ്റ് മരിച്ചനിലയിൽ

ന്യൂഡൽഹി: ദമ്പതിമാരെയും മകളെയും വീടിനുള്ളിൽ മരിച്ച നിലയിൽ കണ്ടെത്തി. സൗത്ത് ഡൽഹിയിലെ നെബ്സരായിയിൽ താമസിക്കുന്ന രാജേഷ്(53), ഭാര്യ കോമൾ(47), മകൾ കവിത(23) എന്നിവരെയാണ് വീടിനുള്ളിൽ കുത്തേറ്റ് മരിച്ചനിലയിൽ കണ്ടെത്തിയത്. ഇന്ന് രാവിലെയായിരുന്നു സംഭവം.



ദമ്പതിമാരുടെ മകൻ പ്രഭാതസവാരി കഴിഞ്ഞ് വീട്ടിൽ തിരിച്ചെത്തിയപ്പോഴാണ് മൂവരെയും മരിച്ചനിലയിൽ കണ്ടതെന്നാണ് വിവരം. ചോരയിൽകുളിച്ച് കിടക്കുന്ന മൃതദേഹങ്ങൾ കണ്ട് മകൻ നിലവിളിക്കുകയായിരുന്നു. പിന്നാലെ ബഹളംകേട്ട് അയൽക്കാരും വീട്ടിലേക്ക് ഓടിയെത്തി. തുടർന്ന് അയൽക്കാർ വിവരമറിയിച്ചതനുസരിച്ച് പോലീസും സ്ഥലത്തെത്തി.

രാജേഷ്-കോമൾ ദമ്പതിമാരുടെ വിവാഹവാർഷിക ദിവസമാണ് ദാരുണമായ സംഭവമുണ്ടായതെന്നാണ് റിപ്പോർട്ട്. ഇന്ന് രാവിലെ മകൻ ഇരുവർക്കും വിവാഹവാർഷികാശംസകൾ നേർന്നിരുന്നു. ഇതിനുശേഷമാണ് മകൻ പതിവായുള്ള പ്രഭാതസവാരിക്ക് പോയതെന്നും അയൽക്കാർ പറഞ്ഞു.

കുത്തേറ്റാണ് മൂവരുടെയും മരണം സംഭവിച്ചതെന്നാണ് പ്രാഥമികവിവരം. പോലീസ് നടത്തിയ പരിശോധനയിൽ വീട്ടിൽനിന്ന് എന്തെങ്കിലും കവർച്ച നടത്തിയതിന് തെളിവുകളൊന്നും ലഭിച്ചിട്ടില്ല. സംഭവത്തിൽ വിശദമായ അന്വേഷണം തുടരുകയാണെന്നും പോലീസ് അറിയിച്ചു.

## സംഭൽ സന്ദർശനത്തിനെത്തിയ രാഹുലിനേയും പ്രിയങ്കയേയും ഗാസിപുരിൽ തടഞ്ഞ് യു.പി പോലീസ്



ന്യൂഡൽഹി: ഷാഹി ജുമാ മസ്ജിദ് സർവേയുമായി ബന്ധപ്പെട്ട സംഘർഷത്തിൽ നാലു പേർ കൊല്ലപ്പെട്ട ഉത്തർപ്രദേശിലെ സംഭൽ സന്ദർശിക്കാനെത്തിയ രാഹുലും പ്രിയങ്കയുമടക്കമുള്ള എം.പിമാരെ ഗാസിപുർ അതിർത്തിയിൽ പോലീസ് തടഞ്ഞു. യാത്ര തടസ്സപ്പെടുത്തിയതോടെ പോലീസ് വാഹനത്തിലെങ്കിലും ഞങ്ങൾക്ക് പോവണമെന്ന നിലപാടിലായിരുന്നു രാഹുൽ. പക്ഷെ, പോലീസ് അനുവദിച്ചില്ല.

ഇവർ സംഭാലിലെത്തുമെന്നറിയിച്ചതോടെ തടയാനായി വൻ പോലീസ് സന്നാഹം നേരത്തെ തയ്യാറായിരുന്നു. രാവിലെ 11 മണിയോടെയായിരുന്നു രാഹുലിന്റെ നേതൃത്വത്തിലുള്ള സംഘം അതിർത്തിക്കടുത്ത് എത്തിയത്. എം.പിമാരുടെ വാഹനം ഡൽഹി-മീററ്റ് എക്സ്പ്രസ് ഹൈവേയിൽ എത്തിയപ്പോഴാണ് സുരക്ഷാ ഉദ്യോഗസ്ഥർ തടഞ്ഞത്. കെ.സി വേണുഗോപാൽ എം.പിയും ഒപ്പമുണ്ടായിരുന്നു.

യാത്ര തടയാനായി പോലീസ് ഹൈവേ തടസ്സപ്പെടുത്തിയതോടെ വലിയ ഗതാഗത കുരുക്കാണ് അനുഭവപ്പെട്ടത്. റോഡിന് കുറുകെ ബാരിക്കേഡുകളും ട്രക്കുകളും വെച്ചാണ് റോഡ് തടസ്സപ്പെടുത്തിയത്. കോൺഗ്രസ് നേതാക്കളുടെ യാത്ര തടയണമെന്ന് സംഭൽ ജില്ലാ അധികൃതർ തൊട്ടടുത്ത ജില്ലാ അധികാരികളോടും ആവശ്യപ്പെട്ടിരുന്നു. ഈ ആവശ്യം ഉന്നയിച്ച് ബുലന്ദേശ്വർ, അംരോഹ, ഗാസിയാബാദ്, ഗൗതം ബുദ്ധ നഗർ തുടങ്ങിയ സ്ഥലത്തെ അധികൃതർക്ക് സംഭൽ ജില്ലാ കലക്ടർ കത്തും നൽകിയിരുന്നു.

സർക്കാരും ഉദ്യോഗസ്ഥരും സ്ഥിതിഗതികൾ മറച്ചുവെക്കാനാണ് ശ്രമിക്കുന്നതെന്നും പ്രദേശം സാധാരണ നിലയിലേക്കെത്താൻ അവർ താത്പര്യപ്പെടുന്നില്ലെന്നും സമാജ് വാദി പാർട്ടി എം.പി ഡിംപിൾ യാദവ് പ്രതികരിച്ചു. എം.പിമാരുടെ സംഘങ്ങൾ സംഭലിൽ എത്തിയാൽ കാര്യങ്ങൾ വെളിപ്പെടുമെന്ന് അവർ ഭയപ്പെടുന്നുണ്ടെന്നും അതാണ് യാത്ര തടസ്സപ്പെടുത്തിയതെന്നും ഡിംപിൾ ചൂണ്ടിക്കാട്ടി.

സംഭൽ സന്ദർശനത്തിനെത്തിയ മുസ്ലീംലീഗ് പ്രതിനിധികളേയും കഴിഞ്ഞദിവസം തടഞ്ഞിരുന്നു.

## 'ജയിലിൽ ആ കാഴ്ച കാണുന്നതുവരെ ഞാൻ അങ്ങനെയായിരുന്നു, ദിലീപ് കേസിനെക്കുറിച്ച് മുഖ്യമന്ത്രിയോട് എല്ലാം പറഞ്ഞു': ശ്രീലേഖ

കൊച്ചി: മാദ്ധ്യമങ്ങളെ പ്രലോഭിപ്പിച്ച് പലരും തനിക്കെതിരെ കളളവാർത്തകൾ കൊടുത്തിട്ടുണ്ടെന്ന് തുറന്നുപറഞ്ഞ് മുൻ ഡിജിപി ആർ ശ്രീലേഖ ഐപിഎസ്. ബിജെപിയിൽ ചേർന്നത് ഇഡിയെ ഭയന്നിട്ടാണെന്നുവരെ പലരും പറഞ്ഞുണ്ടാക്കിയെന്നും ശ്രീലേഖ പറഞ്ഞു. കൊച്ചിയിൽ നടി ആക്രമിക്കപ്പെട്ട കേസിൽ നടൻ ദിലീപിന് ജയിലിൽ ചില സഹായങ്ങൾ ചെയ്തതിനെക്കുറിച്ചും അവർ വ്യക്തമാക്കി. ഒരു യൂട്യൂബ് ചാനലിന് അനുവദിച്ച അഭിമുഖത്തിലാണ് ശ്രീലേഖ ഇക്കാര്യങ്ങൾ പറഞ്ഞത്.



'ദിലീപ് ജയിലിൽ കിടന്ന സമയത്ത് ഞാൻ സഹായിച്ചതിൽ ഒരുപാട് വിവാദങ്ങൾ വന്നിരുന്നു. അദ്ദേഹം ഒരു വിഐപി ആയതുകൊണ്ടാണ് ഞാൻ അതൊക്കെ ചെയ്തതെന്ന തരത്തിലായിരുന്നു വിവാദം. ആ സമയത്ത് ഞാനും ദീലീപും തമ്മിൽ സാമ്പത്തികപരമായി ബന്ധമുണ്ടെന്ന തരത്തിലുളള സംസാരം വന്നു. ഞാൻ അദ്ദേഹത്തിന്റെ പക്ഷമാണെന്ന് പറഞ്ഞു.ഇതുമായി ബന്ധപ്പെട്ട് ഞാൻ എന്റെ യൂട്യൂബ് ചാനലിൽ ചില വെളിപ്പെടുത്തലുകൾ നടത്തിയിരുന്നു.

നടി ആക്രമിക്കപ്പെട്ട കേസിന്റെ അന്വേഷണം കഴിഞ്ഞതിനുശേഷം പറയാമെന്നാണ് കരുതിയത്. പക്ഷെ അതൊന്നും ഒരിക്കലും അവസാനിക്കില്ലെന്ന് കരുതിയാണ് യൂട്യൂബ് ചാനലിൽ വെളിപ്പെടുത്തലുകൾ നടത്തിയത്. ദിലീപിനെ പിന്തുണച്ച് കൊണ്ടല്ല പറഞ്ഞത്. കേസിന്റെ ശാസ്ത്രീയ തെളിവുകളാണ് അവതരിപ്പിച്ചത്. ഒരു പെൺകുട്ടിയെ പീഡിപ്പിച്ച കേസ് വരുമ്പോൾ ഞാൻ അവരോടൊപ്പമാണ് നിൽക്കേണ്ടത്. ജയിലിൽ വച്ച് അവശനിലയിലുള്ള ദിലീപിനെ കാണുന്നതുവരെ ഞാൻ അങ്ങനെയായിരുന്നു. അതിനെക്കുറിച്ച് അന്വേഷിച്ചപ്പോഴാണ് കൂടുതൽ കാര്യങ്ങൾ മനസിലായത്.

ചില കേസുകൾ കഷ്ടപ്പെട്ട് അന്വേഷിച്ച് അത് കോടതിയിലെത്തിക്കുമ്പോൾ വേണ്ടത്ര പ്രതികരണം കിട്ടാതെ വരുമ്പോൾ വലിയ നിരാശ ഉണ്ടാകാറുണ്ട്. ദീലീപിന്റെ കാര്യത്തിലും മുഖ്യമന്ത്രി ഉൾപ്പടെയുള്ളവരോട് ഞാൻ വിശദീകരിച്ചു. പക്ഷെ അവർക്കൊക്കെ ഞാൻ പറയുന്നത് അറിയാം. അത് അവർ അംഗീകരിച്ചിട്ടില്ല. കേസ് നടക്കുകയാണല്ലോയെന്നായിരുന്നു പ്രതികരണം. ബിജെപിയിൽ അംഗത്വം എടുത്തപ്പോഴും പലതും പറഞ്ഞുണ്ടാക്കി. ഇഡിയെ പേടിച്ചാണ് ഞാൻ ബിജെപിയിൽ ചേർന്നതെന്ന് പറഞ്ഞു. എങ്ങനെയാണ് ഇങ്ങനെ പറയുന്നത്. എനിക്കാരെയും പേടിക്കേണ്ട ആവശ്യമില്ല'- അവർ പങ്കുവച്ചു.

സമൂഹത്തിലെ സ്ത്രീ-പുരുഷ തുല്യതയെക്കുറിച്ചും ശ്രീലേഖ പറഞ്ഞു. 'സൈന്യത്തിലും പൊലീസിലും പോലും തുല്യത ഇല്ല. ഇനിയും തുല്യത ഉണ്ടായിട്ടില്ല. സർവ്വീസിൽ ഇരുന്ന സമയത്ത് അങ്ങനെ ഉണ്ടായിരുന്നില്ല.കേരളത്തിലെ ആദ്യത്തെ വനിത ഐപിഎസ് ഉദ്യോഗസ്ഥയായാണ് ഞാൻ കോട്ടയത്ത് എഎസ്പിയായി ചുമതലയേൽക്കുന്നത്. എന്നെ സ്വീകരിക്കാൻ ഡിപ്പാർട്ട്മെന്റിന് ചതുർത്ഥിയായിരുന്നു. പക്ഷെ മാദ്ധ്യമങ്ങളാണ് എന്നെ പിന്തുണച്ചത്. എനിക്ക് പ്രിയപ്പെട്ടവരായിരുന്നു മാദ്ധ്യമങ്ങൾ.

പക്ഷെ,എന്നിൽ അസൂയ ഉളള ചില ഉദ്യോഗസ്ഥർ മാദ്ധ്യമങ്ങളെ പ്രലോഭിപ്പിച്ച് എനിക്കെതിരെ കളളവാർത്ത ഉണ്ടാക്കാൻ തുടങ്ങി. തെ?റ്റാണെന്ന് പറഞ്ഞിട്ട് പോലും ആരും അംഗീകരിച്ചില്ല. എന്നെ അഴിമതിക്കാരിയാക്കിയും ക്രിമിനലുമായി മോശം ബന്ധമുണ്ടെന്ന് പറഞ്ഞ് വാർത്തകൾ കെട്ടിച്ചമയ്ക്കാൻ തുടങ്ങി. അതോടെ മാദ്ധ്യമങ്ങളിൽ നിന്നും അകലം പാലിക്കാൻ തുടങ്ങി'- ശ്രീലേഖ വ്യക്തമാക്കി.

## സഗൗരവം പ്രദീപ്, ദൈവനാമത്തിൽ രാഹുൽ; എംഎൽഎമാരായി സത്യപ്രതിജ്ഞ ചെയ്തു



തിരു : ഉപതിരഞ്ഞെടുപ്പിൽ വിജയിച്ച യു.ആർ. പ്രദീപും രാഹുൽ മാങ്കൂട്ടത്തിലും എം.എൽ.എമാരായി സത്യപ്രതിജ്ഞ ചെയ്തു. നിയമസഭയിലെ ആർ. ശങ്കരനാരായണൻ തമ്പി ഹാളിലായിരുന്നു സത്യപ്രതിജ്ഞ. ആദ്യം പ്രദീപും പിന്നാലെ രാഹുൽ മാങ്കൂട്ടത്തിലും സത്യവാചകംചൊല്ലി.

സഗൗരവമായിരുന്നു പ്രദീപിന്റെ സത്യപ്രതിജ്ഞ. രാഹുൽമാങ്കൂട്ടത്തിൽ ദൈവനാമത്തിലാണ് സത്യപ്രതിജ്ഞ ചെയ്തത്. നിയമസഭാ സ്പീക്കർ എ.എൻ. ഷംസീർ, മുഖ്യമന്ത്രി പിണറായി വിജയൻ, പ്രതിപക്ഷനേതാവ് വി.ഡി. സതീശൻ, ചീഫ് വിപ്പ് എൻ. ജയരാജ്, മന്ത്രിമാരായ കെ.ബി. ഗണേഷ്കുമാർ, കെ. കൃഷ്ണൻകുട്ടി, പി. പ്രസാദ്, കടന്നപ്പള്ളി രാമചന്ദ്രൻ, കെ. രാജൻ, സജി ചെറിയാൻ, എ.കെ. ശശീന്ദ്രൻ എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

## യുവതിയെ തടഞ്ഞുനിർത്തി അശ്ലീലം പറഞ്ഞു; സി.പി.എം. ബ്രാഞ്ച് സെക്രട്ടറിക്കെതിരേ കേസ്

ഇടുക്കി: യുവതിയെ തടഞ്ഞുനിർത്തി അശ്ലീലം പറഞ്ഞെന്നും തട്ടിക്കൊണ്ടുപോകുമെന്ന് ഭീഷണിപ്പെടുത്തിയെന്നുമുള്ള പരാതിയിൽ സി.പി.എം. ബ്രാഞ്ച് സെക്രട്ടറിക്കെതിരേ കേസ്. സി.പി.എം. ഇടുക്കി പോത്തിൻകണ്ടം ബ്രാഞ്ച് സെക്രട്ടറി ബിജു ബാബുവിനെതിരേയാണ് വണ്ടന്മേട് പോലീസ് കേസെടുത്തത്. പോലീസ് കേസെടുത്തതിന് പിന്നാലെ ബിജുവിനെ സെക്രട്ടറി സ്ഥാനത്തുനിന്ന് നീക്കിയതായി സി.പി.എം. അറിയിച്ചു.

പരാതിക്കാരിയായ യുവതിയെ പ്രതിയായ ബിജു ബാബു നിരന്തരം ശല്യംചെയ്തെന്നാണ് ആരോപണം. ചേറ്റുകുഴിയിലെ സ്വകാര്യ സ്ഥാപനത്തിലെ ജീവനക്കാരിയാണ് യുവതി. സി.പി.എം. ബ്രാഞ്ച് സെക്രട്ടറിയായ പ്രതി സ്ഥാപനത്തിന് മുന്നിൽവന്ന് യുവതിക്ക് നേരേ അശ്ലീല ആംഗ്യം കാണിക്കുന്നതും ലൈംഗികച്ചുവയോടെ സംസാരിക്കുന്നതും പതിവായിരുന്നു. തുടർന്ന് യുവതി വീട്ടുകാരെ വിവരമറിയിച്ചതോടെ മധ്യസ്ഥ ചർച്ച നടന്നു. എന്നാൽ, കഴിഞ്ഞയാഴ്ച പ്രതി വീണ്ടും യുവതിയെ തടഞ്ഞുനിർത്തി അശ്ലീലം പറഞ്ഞെന്നും ഭീഷണിപ്പെടുത്തിയെന്നുമാണ് പരാതി.

## കലോത്സവം: വലപ്പാട് ഉപജില്ല മുന്നിൽ

കുന്നംകുളം: കുന്നംകുളത്ത് നടക്കുന്ന ജില്ലാ കലോത്സവത്തിൽ 232 പോയിന്റ് നേടി വലപ്പാട് ഉപജില്ല മുന്നിൽ. വൻ ജനപങ്കാളിത്തത്തോടെയാണ് കലോത്സവം നടന്നുകൊണ്ടിരിക്കുന്നത്.

## ജീപ്പുമായെത്തി ഓട്ടോ ഇടിച്ചുതെറിപ്പിച്ചു; അപകടമല്ല; ആസൂത്രിത കൊലപാതകം; പ്രതികൾ പിടിയിൽ

വൈത്തിരി (വയനാട്): ചുണ്ടേലിൽ ജീപ്പും ഓട്ടോറിക്ഷയും കൂട്ടിയിടിച്ച് ഓട്ടോറിക്ഷ ഡ്രൈവറായ ചുണ്ടേൽ കാപ്പംകുന്ന് കുന്നത്ത്പീടിയേക്കൽ അബ്ദുൽ നവാസ്(44) മരിച്ച സംഭവം ആസൂത്രിതമായ കൊലപാതകമെന്ന് കണ്ടെത്തൽ. സംഭവത്തിൽ ജീപ്പ് ഓടിച്ചിരുന്ന സുമിൽ ഷാദിനെയും ഇയാളുടെ സഹോദരനെയും പോലീസ് കസ്റ്റഡിയിലെടുത്തു. സുമിൽ ഷാദിന് നവാസിനോടുണ്ടായിരുന്ന വ്യക്തിവൈരാഗ്യമാണ് കൊലപാതകത്തിന് കാരണമായതെന്നാണ് സൂചന.

തിങ്കളാഴ്ച രാവിലെ എട്ടരയോടെ അമ്മാറ-ആനോത്ത് റോഡിൽ ചുണ്ടേൽ എസ്റ്റേറ്റ് ഫാക്ടറിക്കുസമീപമായിരുന്നു നവാസിന്റെ മരണത്തിനിടയാക്കിയ അപകടം. ചുണ്ടേൽ എസ്റ്റേറ്റ് ഭാഗത്തേക്കുപോവുകയായിരുന്ന നവാസ് സഞ്ചരിച്ചിരുന്ന ഓട്ടോറിക്ഷയും എതിരേവരികയായിരുന്ന ഥാർ ജീപ്പും കൂട്ടിയിടിക്കുകയായിരുന്നു. വാഹനത്തിരക്ക് വളരെ കുറവായ, നേരേയുള്ള റോഡിൽ അപകടസാധ്യത തീരേയില്ലെന്നും ഇത് മനഃപൂർവമുണ്ടാക്കിയ അപകടമാണെന്നും നാട്ടുകാർ കഴിഞ്ഞദിവസം ആരോപിച്ചിരുന്നു. അപകടത്തിൽ ദുരൂഹതയുണ്ടെന്നുകാട്ടി നവാസിന്റെ ബന്ധുക്കളും പോലീസിൽ പരാതി നൽകി. തുടർന്ന് പോലീസ് നടത്തിയ അന്വേഷണത്തിലാണ് സംഭവം അപകടമല്ലെന്നും ആസൂത്രിതമായ കൊലപാതകമാണെന്നും കണ്ടെത്തിയത്.

മുഖ്യപ്രതിയായ സുമിൽ ഷാദ് സംഭവത്തിന് മുൻപ് ചുണ്ടേൽ എസ്റ്റേറ്റ് പള്ളിക്ക് സമീപം ഒരുമണിക്കൂറോളം ജീപ്പുമായി നവാസിനെ കാത്ത് റോഡിൽനിന്നതായി സിസിടിവി ദൃശ്യങ്ങളിൽനിന്ന് പോലീസിന് വ്യക്തമായിട്ടുണ്ട്. നവാസ് ഓട്ടോയിൽ വരുന്നതായുള്ള ഫോൺകോൾ ലഭിച്ചതിന് പിന്നാലെയാണ് സുമിൽ ഷാദ് ജീപ്പുമായി മുന്നോട്ടുപോയത്. തുടർന്ന് ജീപ്പുമായെത്തി എതിരെവരികയായിരുന്ന ഓട്ടോറിക്ഷയെ ഇടിച്ചുതെറിപ്പിക്കുകയായിരുന്നു. സംഭവത്തിൽ സുമിൽ ഷാദിനും പരിക്കേറ്റിരുന്നു.

നവാസിന്റെ മരണത്തിനിടയാക്കിയ അപകടം വെറും വാഹനാപകടമല്ലെന്നും ആസൂത്രിതമായ കൊലപാതമാണെന്നും ചൂണ്ടിക്കാട്ടി നവാസിന്റെ പിതൃസഹോദരൻ കെ.പി. റഷീദ് ആണ് വൈത്തിരി പോലീസിൽ പരാതി നൽകിയത്. അപകടത്തിനിടയാക്കിയ ജീപ്പോടിച്ചിരുന്ന സുമിൽ ഷാദും നവാസും തമ്മിൽ നേരത്തേയുള്ള വൈരാഗ്യത്തിന്റെ പുറത്ത് കൊലപ്പെടുത്തിയതാണെന്നായിരുന്നു റഷീദിന്റെ ആരോപണം. നവാസിനെ വിളിച്ചുവരുത്തി അപകടത്തിൽപ്പെടുത്തിയതാണ്. സംഭവത്തിൽ ഗൂഡാലോചനയുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ചൊവ്വാഴ്ച വൈകീട്ടാണ് നവാസിന്റെ കബറടക്കം നടന്നത്. അതിനുശേഷം ബൈക്കിലെത്തിയ രണ്ടുപേർ സുമിൽ ഷാദിന്റെ പിതാവ് നടത്തുന്ന ചുണ്ടേൽ വള്ളം കൊല്ലിയിലെ മജ്ലിസ് റസ്റ്ററന്റിന്റെ ചില്ലുകൾ കല്ലെറിഞ്ഞുതകർത്തു. മുൻഭാഗത്തെ രണ്ടുവശത്തെ ചില്ലുകളും തകർന്നു. ചില്ല് കൂടാതെ ഹോട്ടലിലെ കുറച്ചുമേശകളും തകർത്തിട്ടുണ്ട്. അപ്പോഴേക്കും ചുണ്ടേൽ എസ്റ്റേറ്റ് ഭാഗത്തുള്ളവരും അവിടേക്കെത്തി. വൈത്തിരിയിൽനിന്ന് പോലീസുമെത്തി. നവാസിന്റെ കൊലപാതകത്തിൽ സമഗ്രാന്വേഷണം വേണമെന്നാവശ്യപ്പെട്ട് നാട്ടുകാർ ഏറെനേരം ഹോട്ടലിനുമുന്നിൽ തടിച്ചുകൂടി. കേസെടുത്തിട്ടുണ്ടെന്നും അന്വേഷണം നടത്തിവരികയാണെന്നും പറഞ്ഞാണ് പോലീസ് ഇവരെ ശാന്തരാക്കിയത്.

അപകടത്തിനിടയാക്കിയ ജീപ്പ് ചുണ്ടേൽ എസ്റ്റേറ്റ് പള്ളിക്കു സമീപം തിങ്കളാഴ്ച രാവിലെ ഉണ്ടായിരുന്നെന്ന് നാട്ടുകാർ പറഞ്ഞിരുന്നു. അവിടെനിന്നു പോയ ജീപ്പാണ് നവാസിന്റെ ഓട്ടോറിക്ഷയിലിടിച്ചതെന്ന് ചുണ്ടേലിൽ ഓട്ടോറിക്ഷാ ഡ്രൈവറായ ബേബി പറഞ്ഞു.

തിങ്കളാഴ്ച രാവിലെ ഓട്ടോറിക്ഷയിലിരുന്ന് താൻ പത്രംവായിക്കുമ്പോഴാണ് പള്ളിക്കുമുൻപിൽനിന്ന് ജീപ്പ് പോയത് -ബേബി പറഞ്ഞു. തൊട്ടുപിന്നാലെ യാത്രക്കാരുമായി ബേബിയും അതേറൂട്ടിൽ പോയി. അറുന്നൂറോളം മീറ്റർ കഴിഞ്ഞപ്പോഴേക്കും അപകടം നടന്നിരുന്നുവെന്നും ബേബി പറഞ്ഞു. വളവില്ലാത്ത റോഡാണിത്. രണ്ടുവാഹനങ്ങൾക്കും സൈഡ് നൽകിപ്പോകാനുള്ള വീതിയുമുണ്ട്. എന്നിട്ടും ഒരാളുടെ മരണത്തിനിടയാക്കുന്ന അപകടമുണ്ടായിട്ടുണ്ടെങ്കിൽ ദുരൂഹതയുണ്ടെന്നും ബേബി പറഞ്ഞിരുന്നു.


## ആധാരം നഷ്ടപ്പെട്ടു

എനിക്ക്, എന്റെ സഹോദരൻ, ടിയാൻ അവകാശപ്പെട്ട പടിയൂർ വില്ലേജ്, സർവ്വേ 299ൽ പെട്ട വഹകൾ തീറും കൈവശവും നൽകിയ വടക്കുംകര സബ്ബ് രജിസ്ട്രിയിലെ 15-12-1995ലെ 3624/95 നമ്പർ തീറാധാരത്തിന്റെ ഒറിജിനൽ തിരിച്ചുകിട്ടാത്തവിധം നഷ്ടപ്പെട്ടുപോയിട്ടുള്ളതാകുന്നു. മേൽ വഹകൾ ഞാൻ തീറ് വിൽക്കാൻ ഉദ്ദേശിക്കുന്നതാണ്. ആയതിൽ ആർക്കെങ്കിലും എന്തെങ്കിലും എതിർപ്പോ അവകാശമോ ഉണ്ടെങ്കിൽ 15 ദിവസത്തിനുള്ളിൽ രേഖാമൂലം അറിയിക്കേണ്ടതാകുന്നു. അല്ലാത്തപക്ഷം വഹകളുടെ സർട്ടിഫൈഡ് കോപ്പി ഉപയോഗിച്ച് വഹകൾ കൈമാറുന്നതാണ്.

എന്ന്, (ഒപ്പ്)

വി കെ പ്രകാശൻ

വാഴൂർ വീട്, അയ്യന്തോൾ, തൃശൂർ-680003


## സംസ്കാരം നാളെ (05–12–2024)



## സി. കെ. പൗലോസ് (86)

**(PWD Contractor)**

ചക്കാലമറ്റത്ത് ഹൗസ്, ഇരിങ്ങാലക്കുട

സംസ്കാര കർമ്മം നാളെ കാലത്ത് 11 മണിക്ക് ഇരിങ്ങാലക്കുട സെന്റ് തോമസ് കത്തീഡ്രലിൽ

ഭാര്യ: ആനി മേനാച്ചേരി (റിട്ടയേർഡ് അധ്യാപിക)

മക്കൾ: മേരി ആലുവ (KSEB അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, കളമശ്ശേരി)

ജാൻസി എടക്കുന്ന് പാദുവാപുരം (Librarian, SH CMI Public School, Thevara)

ജോയ്സി ഇരിങ്ങാലക്കുട

ബിജോയ് (PWD Contractor ഇരിങ്ങാലക്കുട)

മരുമക്കൽ: ജസ്റ്റിൻ കാവുങ്കൽ, ആലുവ (സിവിൽ എഞ്ചിനീയർ)

ലാലു ജോർജ്ജ് പൈനാടത്ത്, എടക്കുന്ന് (ബിസിനസ്)

സജി ജോർജ്ജ് കൊളപ്രൻ, ഇരിങ്ങാലക്കുട (അബുദാബി)

വീണ സാനി വടക്കൻ, ആലുവ

(അസി. പ്രൊഫ. സെന്റ് ജോസഫ്സ് കോളേജ്, ഇരിങ്ങാലക്കുട

